**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5108** **11-08-2021 - ൽ മറുപടിയ്ക്ക്**

**നികുതി ഘടനയിൽ മാറ്റം വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയോടെ നിർമ്മാണം പൂർത്തിയാക്കി നികുതി അടച്ചുകൊണ്ടിരിക്കുന്ന കെട്ടിടങ്ങളുടെ ഉദ്ദേശവും ഉപയോഗവും മാറ്റിയാൽ, നികുതി ഘടനയിൽ മാറ്റം വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) | 2011-ലെ കേരള മുനിസിപ്പാലിറ്റി/ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ ചട്ടം – 17-ൽ വസ്തു നികുതി നിർണ്ണയത്തിനു ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും വരുത്തുന്ന മാറ്റങ്ങൾ പ്രതിപാദിക്കുന്നു. ഒരു കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഏതെങ്കിലും ഘടകത്തിന്റെ തരത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തുന്നതോ അല്ലെങ്കിൽ സ്വയം സംഭവിക്കുന്നതോ ആയ ഏതൊരു മാറ്റവും മുപ്പത് ദിവസത്തിനകം കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും അതോടൊപ്പം 11-ാം ചട്ട പ്രകാരമുള്ള ഒരു പുതിയ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. |
| (ബി) | സാംസ്കാരിക നിലയങ്ങൾ ആരാധനാലയങ്ങളോ വിദ്യാഭ്യാസ സ്ഥാപനങ്ങളോ ആക്കി മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ? | (ബി) | 2019-ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4(3) പ്രകാരം നിലവിലെ ഒരു കെട്ടിടത്തിന്റെ ഉപയോഗ മാറ്റം വരുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിന്നും പെർമിറ്റ് വാങ്ങേണ്ടതാണ്. ഏത് ഉപയോഗത്തിലേക്കാണോ കെട്ടിട-ത്തിന്റെ ഉപയോഗ മാറ്റം വരുത്തേണ്ടത് അത് പ്രകാരമുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിരിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ